(ജി) 80 മെഗാവാട്ട് വിദ്യുച്ഛക്തി ഉൽപാദിപ്പിക്കുന്നതിനും 43195 ഏക്കർ (17488 ഹെക്ടർ) സ്ഥലത്ത് ജലസേചനസൗകര്യം നൽകുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(എച്ച്) ഈ പദ്ധതിയുടെ ജലസേചനവിഭാഗത്തിന്റെ ക്ലിയറൻസിനാണ് ചോദിച്ചത്. 1994-ൽ കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിൻമേൽ കേന്ദ്ര ജലകമ്മീഷൻ ചില ഭേദഗതികൾ ഉന്നയിച്ചിരുന്നു. ഭേദഗതികൾ പരിഹരിച്ച് പരിഷ്ക്കരിച്ച പ്രോജക്ട് റിപ്പോർട്ട് 2000 ഏപ്രിൽ മാസത്തിൽ കേന്ദ്ര ജലകമ്മീഷന് നൽകുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് കേന്ദ്ര ജലകമ്മീഷന്റെ പരിഗണനയിലാണ്.

(ഐ) ക്ലിയറൻസ് കിട്ടിയിട്ടില്ല. ഇത് ഇപ്പോഴും കേന്ദ്ര ജലകമ്മീഷന്റെ പരിശോധനയിലാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ പ്രവർത്തനം

1 (149) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിന്നോക്ക സമുദായക്ഷേമ വകുപ്പ് രൂപീകരിച്ചു കൊണ്ട് ഉത്തരവായത് എന്നാണ് ;

(ബി) ഈ വകുപ്പിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 16-10-1999-ൽ.

(ബി) ഇല്ല.

(സി) ഇല്ല. ഈ വകുപ്പിന്റെ പ്രവർത്തനം തുടങ്ങുന്നതിനുവേണ്ടി, ഇക്കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ശ്രീ. അയ്യപ്പൻ, ഐ.എ.എസ്സിനെ സ്പെഷ്യൽ ആഫീസറായി നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് വേണ്ടുന്ന നടപടി സ്വീകരിക്കുന്നതാണ്.

പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

2 (150) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനെപ്പറ്റി വിലയിരുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) പദ്ധതികളുടെ പ്രയോജനം അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ദേശീയ പിന്നോക്ക വർഗ്ഗ ധനകാര്യ വികസനകോർപ്പറേഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) പിന്നോക്ക വിഭാഗ ക്ഷേമവകുപ്പ് രൂപീകരിച്ചു. പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ സ്വയംതൊഴിൽ വായ്പാ പദ്ധതികൾ, തൊഴിൽ പരിശീലനപദ്ധതികൾ, ഭവന നിർമ്മാണ പദ്ധതി, ഭൂരഹിതർക്ക് വീട് വയ്ക്കാൻ ഭൂമി വാങ്ങുന്നതിനുള്ള വായ്പ, നിർധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള വായ്പ, വിദേശത്തു തൊഴിൽ നേടുന്നതിനുള്ള വായ്പ, വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ, കൃഷിഭൂമി വായ്പ, വിദ്യാർത്ഥികൾക്കുള്ള പ്രോൽസാഹന സമ്മാനം, ഭവന പുനരുദ്ധാരണ വായ്പ എന്നീ പദ്ധതികൾ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ എന്നിവ മുഖേന (അതാതുമായി ബന്ധപ്പെട്ടവ) നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ പിന്നോക്ക വിഭാഗങ്ങൾക്ക് കെ.പി.സി.ആർ. പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളും ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് അനുവദനീയമായ ആനുകൂല്യങ്ങളും നൽകി വരുന്നു.

(ബി) കോർപ്പറേഷനുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ട്.

(സി) ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻമാരുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ മാത്രമേ കോർപ്പറേഷനുകളിൽ നിന്നും വായ്പകൾ നൽകുന്നുള്ളൂ. യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തുന്നതിനുവേണ്ടി മേൽപ്പറഞ്ഞ കോർപ്പറേഷനുകളിൽ നിന്നും നേരിട്ട് പരിശോധന നടത്തിയും വായ്പകൾ നൽകുന്നുണ്ട്.

വായ്പയ്ക്കുള്ള അപേക്ഷയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയിൽ നിന്നും അപേക്ഷകൻ വായ്പയ്ക്ക് അർഹനാണോ എന്ന കാര്യത്തിൽ ഒരു സാക്ഷ്യപത്രം ലഭ്യമാക്കുന്നുണ്ട്. അപേക്ഷകരെ ഗ്രാമസഭകൾ മുഖേന തെരെഞ്ഞെടുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉദ്ദേശിക്കുന്നുണ്ട്.

(ഇ) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർക്കുവേണ്ടി വിവിധ സ്വയംതൊഴിൽ പദ്ധതികളും തൊഴിൽ പരിശീലന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ദേശീയ പിന്നോക്ക ധനവികസന കോർപ്പറേഷൻ അംഗീകരിച്ച് 69 തരം സ്വയംതൊഴിൽ പദ്ധതികൾ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്നുണ്ട് ; കോർപ്പറേഷന്റെ ലഘൂകരിച്ച വായ്പ പദ്ധതി പ്രകാരം 50,000 രൂപ വരെയുള്ള വായ്പകൾ നേരിട്ടും 50,000 രൂപ മുതൽ 5,00,000 രൂപ വരെയുള്ള വായ്പകൾ ദേശീയ കോർപ്പറേഷന്റെ അനുമതിയോടുകൂടിയും നൽകിവരുന്നുമുണ്ട്.

ഡോക്ടർ അംബേദ്ക്കറുടെ പേരിൽ ഒരു സാങ്കേതിക വിദ്യാഭ്യാസകേന്ദ്രം

3 (151) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക - പട്ടിക സമുദായക്ഷേമ വകുപ്പിന്റെ കീഴിൽ കേരളത്തിൽ ഡോക്ടർ അംബേദ്ക്കറുടെ പേരിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിക്കണമെന്ന കായംകുളം എം. എൽ. എ. യുടെ നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇപ്രകാരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ബി) പരിശോധിക്കാവുന്നതാണ്.

മുസ്ലീം നാടാർ സ്കോളർഷിപ്പുകൾ

4 (152) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം-നാടാർ സ്കോളർഷിപ്പുകൾ ഈ വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് സമയത്ത് വിതരണം ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly